**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092** **31-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മേൽമുറി കുടിവെള്ള പദ്ധതിക്ക് 8.507 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വരാനുള്ള കാരണം അറിയിക്കാമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ പാണക്കാട് മേൽമുറി (പാർട്ട്) വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതികൾക്കായി അമൃത് 2.0 ഘട്ടം I -ൽ ഉൾപ്പെടുത്തി 7.5 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനു 7.60 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവർത്തിക്കു സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇരുമ്പൂഴി കരുമാഞ്ചേരി പറമ്പ് പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പുതുക്കിയ ജലജീവൻ പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ശുദ്ധീകരണ ശാലയുടെയും മറ്റ് ഘടകങ്ങളുടെയും ഡിസൈൻ ,എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. ശുദ്ധീകരണ ശാലയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | രണ്ടു പ്രവർത്തികളും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൃത്യമായ അവലോകന യോഗങ്ങളും വിലയിരുത്തലുകളും നടത്തി പ്രവൃത്തി ത്വരിത ഗതിയിൽ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ